# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.റ്റി.എ.പി 9 - 842/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 24/12/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. പി.റ്റി.എ.പി 9 - 842/2021 തീയ്യതി: 24/12/2021

## പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 18-11-2021 | 01-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-11-2021 | 01-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ.എസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലിസ്സിമോൾ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ജോസഫ് | | | |
| ശ്രീ പി. നന്ദകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുമ എസ്.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ രഞ്ജിത്ത് കുമാർ എസ്സ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ കാർത്തിക്ക് എസ്സ് | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ സി.ജെ ഫിജു | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ. ജ്യോതി വേണുഗോപാൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. ഗീത കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി ദീപിക എസ്സ് | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ അനിയൻ എ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലൈജു. എൽ. കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. അനിൽ മാമ്മൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K S Deepa (Auditor, On 18-11-2021)<br>Last Updated By: K S Deepa (Auditor, On 26-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Suryaprabha P.C (Asst. Audit Officer, On 18-11-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 06-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Suryaprabha P.C (Asst. Audit Officer, On 18-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 18-11-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 03-12-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Suryaprabha P.C (Asst. Audit Officer, On 18-11-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 06-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 18-11-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 26-11-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Suryaprabha P.C (Asst. Audit Officer, On 18-11-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 26-11-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 03-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 26-11-2021) | 1-10 |
| 12 | രസീതുകളുടെ പരിശോധന<br>Written By: K S Deepa (Auditor, On 30-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-11 |
| 13 | ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 02-12-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 10-12-2021) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 30-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-13 |
| 15 | മുൻ വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 01-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-14 |
| 16 | സോളാർ തെരുവ് വിളക്ക് വാങ്ങൽ- 7.5 ലക്ഷം രൂപയുടെ ചെലവ് പാഴായി.<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 15-12-2021) | 1-15 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ -സംസ്ഥാന സർക്കാരിന് നഷ്ടമായത് ലക്ഷങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-16 |
| 18 | എ.ബി.സി. പ്രോഗ്രാം നടത്തിപ്പ് കാര്യക്ഷമമല്ല-നഷ്ടപരിഹാരമായി നൽകേണ്ടി വന്നത് 1.11 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021) | 1-17 |

| | | |
|---|---|---|
| | Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | |
| 19 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി ഒടുക്കിയതിൽ ഇരട്ടിപ്പ്<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-18 |
| 20 | സാമൂഹ്യ നീതി വകുപ്പിന് 12.26 ലക്ഷം രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-19 |
| 21 | നെല്ലുത്പാദക ബോണസ്- 1.74 ലക്ഷം രൂപ നഷ്ടപ്പെട്ടു<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-20 |
| 22 | പ്രളയബാധിതർക്ക് ജീവനോപാധിയ്ക്കായി ലഭിച്ച 43 ലക്ഷം രൂപ വകമാറ്റി<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-21 |
| 23 | പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തിയിന്മേൽ തുടർ നടപടിയില്ല<br>Written By: Veena C (Asst. Audit Officer, On 01-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-22 |
| 24 | എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്തിയില്ല<br>Written By: Veena C (Asst. Audit Officer, On 02-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-23 |
| 25 | സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 02-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-24 |
| 26 | ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകയ്ക്ക് എടുത്തു<br>Written By: Veena C (Asst. Audit Officer, On 30-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-25 |
| 27 | അങ്കണവാടികളുടെ ഫുഡ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല<br>Written By: K S Deepa (Auditor, On 30-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-26 |
| 28 | ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ) - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 01-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-27 |
| 29 | ദുരന്തനിവാരണ പ്രവർത്തനങ്ങൾ<br>Written By: K S Deepa (Auditor, On 30-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-28 |
| 30 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം<br>Written By: K S Deepa (Auditor, On 01-12-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 1-29 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പ് വരുത്തുന്നില്ല.<br>Written By: Suryaprabha P.C (Asst. Audit Officer, On 03-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-30 |
| 32 | അഗതി രഹിത കേരളം<br>Written By: Veena C (Asst. Audit Officer, On 03-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 31-12-2021) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 03-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 18-11-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 03-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 26-11-2021) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 26-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 26-11-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 26-11-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 03-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 07-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 18-11-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-12-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 23.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 15.02.2020 ൽ അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക 11/05/2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
2. ഷെഡ്യൂൾ ബി4 ( Grants & Contributions For Specific Purposes):- സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റുകളുടെ നീക്കിയിരുപ്പ് തുക(8885393/) ക്യാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി (Joint Venture A/c-8679516) പൊരുത്തപ്പെടുന്നില്ല.
3. ഷെഡ്യൂൾ B4:- പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ വർഷങ്ങളായി വാർഷിക കണക്കിൽ ബാധ്യതയായി തുടരുന്നു.ഉദാ:എസ്.എസ്.എ, ലിറ്ററസി മിഷൻ ഗ്രാന്റ്.
4. ഷെഡ്യൂൾ B11:-ഗ്രാമപഞ്ചായത്തിന്റെ എല്ലാ മുൻകാല ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല.
5. Fixed Assets-ന്റെ തൻവർഷ മൂല്യം നിശ്ചയിച്ചതിൽ അപാകതയുണ്ട്. ഉദാ: സോളാർ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി 7.5 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇത് സ്ഥിര ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല
6. ഷെഡ്യൂൾ B15, RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
7. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ നിർവ്വഹണ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പരിശോധിച്ച് അഡ്വാൻസിൽ കുറവ് ചെയ്യുകയോ ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല.
8. ഷെഡ്യൂൾ ഐ-14(എ) :- ലോൺ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ബന്ധപ്പെട്ട ഹെഡിൽ (251301301) അക്കൗണ്ട് ചെയ്തിട്ടില്ല.
9. ഷെഡ്യൂൾ ഐ-18 :- “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന തുകകൾക്ക് ആധാരമായ അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.
10. Stock In Hand – ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22223814 |
| വരവ് | 57857935 |
| ആകെ | 80081749 |
| ചെലവ് | 54120739 |
| നീക്കിയിരിപ്പ് | 25961010 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22952 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ട്രഷറി ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9721000 | 9721000 | 9262028 | 458972 | 458972 |

| | | | | | | |
|---|---|---|---|---|---|---|
| പ്രളയവിഹിതം(ജനറൽ) | | 2718000 | 2718000 | 39790 | 2678250 (*) | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8664000 | 8664000 | 7427853 | 1236147 | 209721 |
| പ്രളയവിഹിതം(എസ്.സി.പി) | ം | 1588000 | 1588000 | 0 | 1588000 (*) | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7430000 | 7430000 | 3420478 | 4009522 (*) | 1730438 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6670000 | 6670000 | 3254922 | 3415078 | 1953879 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 2484927 | 766073 | |

*ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്രളയ ഫണ്ട് എന്നിവയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക 2020-21 വർഷം അധിക അലോട്ട്മെന്റായി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ലാപ്സാകുന്നില്ല

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ആയുഷ് വകുപ്പ് | 96350 | 77000 | 173350 | 0 | 173350 |
| ബയോ ഡൈവേഴ്സിറ്റി ഫണ്ട്(പരിസ്ഥിതി സംരക്ഷണം) | 48021 | 0 | 48021 | 0 | 48021 |
| ശുചിത്വ മിഷൻ | 1826744 | 384000 | 2210744 | 499000 | 1711744 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | |
| എം.ജി.എൻ.ആർഇ.ജി.എസ് | 6680 | 17116725 | 17123405 | 17119761 | 3644 |
| ഐ.സി.ഡി.എസ്. | 810701 | 734170 | 1544871 | 236390 | 1308481 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ

പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പൊതു വിഭാഗം വികസനഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല.

പൊതുവിഭാഗം വികസന ഫണ്ട് ഇനത്തിൽ ലഭിച്ച അലോട്ട്മെന്റ് തുക വരവ് എടുക്കുന്നതിന് പകരം സർക്കാർ സോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിട്ടുള്ളത്. എന്നാൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ രേഖപ്പെടുത്തുമ്പോൾ വരവിൽ ഉൾപ്പെടാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിനെ തെറ്റായി പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക ചെലവായി സാംഖ്യ പ്രകാരമുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ഉൾപ്പെടുത്തുന്നില്ല. സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വികസന ഫണ്ട് (ജനറൽ) | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക | | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| | | ഹഡ്കോ മുതൽ തിരിച്ചടവ് | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | | |
| ഒന്നാംഗഡു | 3240300 | 0 | 0 | 3240300 | 3240300 |
| രണ്ടാം ഗഡു | 3240300 | 242647 | | 2997653 | 2997653 |
| മൂന്നാം ഗഡു | 3240400 | 242647 | 1226400 | 1771353 | 1771353 |
| ആകെ | 9721000 | 485294 | 1226400 | 8009306 | 8009306 |

പൊതു വിഭാഗം വികസന ഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ആകെ വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ നീക്കിയിരിപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| 9721000 | 8009306 | 9301818 | 9301818 | 458972 | (-)1292512 |

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 288 | 105942197 | 167 | 39591783 | 121 | 57.99 |

ഗ്രാമപ്പഞ്ചായത്തിന്റെ 2019-20-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് മോണിട്ടർ ചെയ്യാത്തത് പദ്ധതിപ്പണത്തിന്റെ പാഴ്ചെലവിൽ കലാശിച്ചിട്ടുണ്ട് (ഉദാ: സോളാർ തെരുവ് വിളക്ക് വാങ്ങൽ)
2. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.
3. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
4. മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതെ വർക്കുകൾ വ്യാപകമായി സ്പിൽ ഓവറാകുന്നു. തൻ വർഷം ആകെയുള്ള 187 മരാമത്ത് പ്രവൃത്തികളിൽ 99 പ്രവൃത്തികൾ സ്പിൽ ഓവറായിട്ടുണ്ട്.
5. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര - റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ(ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡ്/റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാക്കുന്നു.
6. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.
7. സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ലക്ഷക്കണക്കിന് രൂപ ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ ശേഷിക്കുന്നു. കിണർ റീ ചാർജ്ജിന് ബ്ലോക്ക് വിഹിതമായി ലഭിച്ച തുകയിൽ 1777716 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. 23/09/2021-ലെ ട്രഷറി നീക്കിയിരിപ്പ് 3969611 രൂപയാണ്.
8. നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് അഡ്വാൻസ് ആയി നൽകുന്ന തുകയുടെ പൂർത്തീകരണം സമയബന്ധിതമായി നടക്കുന്നു എന്നത് ഉറപ്പാക്കുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 15748905 | 15748905 | 15748905 | 0 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6680 | 1367820 | 1374500 | 1370856 | 3644 |
| ആകെ | 6680 | 17116725 | 17123405 | 17119761 | 3644 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90720 | 70 |
| കർഷകത്തൊഴിലാളി പെൻഷൻ | 1650600 | 277 |
| വിധവാപെൻഷൻ | 5483400 | 396 |
| വാർദ്ധക്യകാലപെൻഷൻ | 10161000 | 1032 |
| വികലാംഗപെൻഷൻ | 1268600 | 221 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 256800 | 46 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2021 3.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14769രൂപ(പതിനാലായിരത്തി എഴുന്നൂറ്റി അറുപത്തിയൊൻപത് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനം വിവിധ ഓഫീസ് ഉത്തരവിലൂടെ ക്രമീകരിച്ചിട്ടുണ്ട്. രസീതുകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിപാലനം തൃപ്തികരമാണ്. ISOസർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളതും രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് റിക്കാർഡ് റൂം സജ്ജീകരിച്ചിട്ടുള്ളതുമാണ്. ജീവനക്കാരുടെ ജോലി വിഭജനം നിർണയിച്ചിട്ടുള്ളതാണ്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.10.2021 | 4/2020-3/2021 | 01.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2012 | 2011-12 | 24.09.2013 |

## 1-11 രസീതുകളുടെ പരിശോധന

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ രസീതു പരിശോധനയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഉദാ:- 52759, 52761

2) തെറ്റായ സാംഖ്യാ രസീതുകൾ റദ്ദാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:- 1) രസീതുനം:- 119010105182 തീയതി 3-2-20

2) രസീതു നം: 119010 5431 തീയതി 12-2-20

അപാകങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ കമ്മ്യൂണിക്കേഷൻ ടവർ

സ്ഥാപിക്കുന്നതിനായി പെർമിറ്റ് നൽകിയിട്ടുണ്ട്(C4 BA/270844/2019/19.08.19) അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ (11000/), അനുബന്ധ കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് എന്നിവ ഈടാക്കിയിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 87(6) പ്രകാരം പോൾ സ്ട്രക്ചറിന് 2500 രൂപ ഫീസ് ഈടാക്കിയിട്ടില്ല. ടി പെർമിറ്റിന്റെ കാലാവധി 27/09/2020-ൽ പൂർത്തിയായിട്ടുണ്ട്. പെർമിറ്റ് പുതുക്കി നൽകിയിട്ടില്ല. ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) ശ്രീ.റ്റി.ജി.കോശി,തോണ്ടലിൽ തെക്കേതിൽ, കൈപ്പട്ടൂർ എന്നയാൾക്ക് വള്ളിക്കോട് വില്ലേജിലെ 315/2 റീസർവ്വേ നമ്പർ വസ്തുവിൽ കൊമേർഷ്യൽ കം റസിഡൻഷ്യൽ കെട്ടിടം പണിയുന്നതിനായി ബിൽഡിംഗ് പെർമിറ്റ് നം. സി4-ബി.എ.(305701/2019) തീ.16/10/2019 പ്രകാരം അനുമതി നൽകിയിരുന്നു. ബിൽഡിംഗ് പെർമിറ്റ് പ്രകാരമുള്ള ഒന്നാം നില കൊമേർഷ്യൽ കെട്ടിടത്തിന്റെയും രണ്ടാം നില റസിഡൻഷ്യൽ കെട്ടിടത്തിന്റെയും അളവ് 125.15 ച.മീറ്റർ വീതമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം ഇത് യഥാക്രമം 62.09 M2, 68.36m2(സ്റ്റെയർ കേസ് റൂം ഉൾപ്പടെ) എന്നിങ്ങനെയാണ്. കൈപ്പട്ടൂർ-തട്ട-അടൂർ റോഡിനോട് ചേർന്നുള്ള അതിരിൽ നിന്നും കെട്ടിടം വരെ കുറഞ്ഞത് 3.06 മീറ്റർ ദൂരമുള്ളതായിട്ടാണ് കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 220-പ്രകാരം റോഡിനോട് ചേർന്ന അതിരിൽ നിന്നും 3 മീറ്ററിനുള്ളിൽ ചുറ്റുമതിലല്ലാതെ സ്ഥിരമായതോ താത്ക്കാലികമായതോ ആയ യാതൊന്നും നിർമ്മിക്കാൻ അനുവാദമില്ല. എന്നാൽ സ്ഥലം പരിശോധിച്ചതിൽ നിയമാനുസൃതം ഒഴിച്ചിടേണ്ട ഉറസ്സായ ഭാഗത്ത് റൂഫിംഗ് ഷീറ്റ് ഇറക്കി നിർമ്മിച്ചതായി കണ്ടു. നിയമാനുസൃതം ഒഴിച്ചിടേണ്ട ഉറസ്സായ സ്ഥലം തന്നെയാണ് പാർക്കിംഗിനായി കാണിച്ചിരിക്കുന്നത്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(22/01.12.21) മറുപടിയായി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 90-ന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

1) തൊഴിൽ നികുതി /സ്ഥാപന നികുതി ഈടാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3,4 എന്നിവ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ/സ്ഥാപന നികുതി ഈടാക്കേണ്ടിയിരുന്നുവെങ്കിലും സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ പഞ്ചായത്ത് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം | I/II |
| 2 | ഹെൽപ്പ് ജനസേവന കേന്ദ്രം വാഴമുട്ടം ഈസ്റ്റ് | I/II |
| 3 | അക്ഷയ കേന്ദ്രം വള്ളിക്കോട് | I/II |
| 4 | കോമൺ സർവ്വീസ് സെന്റർ കൈപ്പട്ടൂർ | I/II |

ഇതു സംബന്ധിച്ചുള്ള 23.11.21ലെ ഓഡിറ്റ് എൻക്വയറി നം: 3,18 എന്നിവയ്ക്കുള്ള സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, ടി. സ്ഥാപനങ്ങളുടെ സ്ഥാപന നികുതി/തൊഴിൽ നികുതി എന്നിവ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

2) കരാറുകാർ തൊഴിൽ നികുതി ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹിച്ച ചുവടെ ചേർത്തിട്ടുള്ള കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയില്ല.

കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1.ശ്രീ. ഷിജു. മാത്യു

2.ശ്രീമതി. ശ്രുതി

3.ശ്രീ. ജസ്റ്റിൻ

4.ശ്രീ. ഹരികൃഷ്ണൻ

5.ശ്രീ. ജയപ്രകാശ്

6. ശ്രീ. ബാലചന്ദ്രൻ.നായർ

7. ശ്രീ. കെ.എസ്. പുരുഷോത്തമൻ

8. ശ്രീ. കിഷോർ. പി. ദിവാകർ

9. ശ്രീ. വിജയകുമാരൻ.നായർ

10. ശ്രീ. വിപിൻ

11.ശ്രീ. സതീഷ്. കുമാർ

12. ശ്രീ. സുധീഷ്

13. ശ്രീ. സിനിത്ത്

14. ശ്രീ. ബബുലു ടോം സക്കറിയ

ഇതു സംബന്ധിച്ച് 25.11.21ൽ നൽകിയ ഓഡിറ്റ് എൻക്വയറി (നം-3)ക്ക് ശ്രീ. ഷിജു. മാത്യു എന്ന കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള കരാറുകാർക്ക് നോട്ടീസ് അയയ്ക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും, അതിലെ തൊഴിലാളികളെയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഡിമാന്റ് ഇടാക്കേണ്ടതാണ്. ടി. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 മുൻ വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 02-10-17 ലെ സ ഉ (സാധാ) നമ്പർ 3186/2017 തസ്വഭവ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. തൻ വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിൽ വരവില്ല. എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും മുൻ വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സോളാർ തെരുവ് വിളക്ക് വാങ്ങൽ- 7.5 ലക്ഷം രൂപയുടെ ചെലവ് പാഴായി.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെട്ട പട്ടികജാതി കോളനികളിൽ സോളാർലൈറ്റ് സ്ഥാപിക്കുക(192/20) എന്ന സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി സോളാർ തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും 750000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപിച്ച് മാസങ്ങൾക്കകം വിളക്കുകൾ പ്രവർത്തന രഹിതമായതിനാൽ 7.5 ലക്ഷം രൂപയുടെ ചെലവ് പാഴായി.

| വകയിരുത്തിയത് | ചെലവഴിച്ചത് | ബിൽ നം/തീയതി |
|---|---|---|
| 800000 | 750000 | 600000, 10/05.04.2019(ട്രഷറി ക്യൂ ബിൽ)<br>150000, 168/11.11.2019 |

പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ആവശ്യമാണ്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 3.8.2(6) പ്രകാരം ഓരോ ജില്ലയിലും കെ.എസ്.ഇ.ബിയിലെ എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ എൻജിനീയർ, അനർട്ട് പ്രോജക്ട് മാനേജർ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ ഉൾപ്പെടുന്ന സമിതിയുടെ സാങ്കേതിക ആനുമതി വാങ്ങണം. എന്നാൽ സാങ്കേതിക അനുമതി വാങ്ങാതെയാണ് പ്രോജക്ട് നടപ്പിലാക്കിയത്.

2) പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് സംസ്ഥാന തലത്തിൽ എംപാനൽ ചെയ്ത സ്ഥാപനങ്ങളുടെ വിശദാംശം അനർട്ടിൽ നിന്നും വാങ്ങി ടി ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചുവേണം പ്രോജക്ട് നടപ്പിലാക്കേണ്ടത്. അനർട്ടിന്റെ സാങ്കേതിക സഹായം പ്രോജക്ട് നിർവ്വഹണത്തിൽ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമം പാലിക്കാതെ ഗ്രാമപഞ്ചായത്ത് നേരിട്ട് ഇ-ടെണ്ടർ ക്ഷണിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയത്. സോളാർ പാനലിന്റെ വാറന്റി സംബന്ധിച്ച നിബന്ധന ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നില്ല 9 ടെണ്ടറുകളിൽ കുറഞ്ഞ തുക വിളക്ക് ഒന്നിന് 19500രൂപ രേഖപ്പെടുത്തിയത് ITPCOS, തിരുവനന്തപുരം എന്ന സ്ഥാപനമാണ്. എന്നാൽ വാറന്റി സംബന്ധിച്ച് ടെണ്ടർ രേഖകളിൽ പരാമർശിച്ചില്ല എന്ന് കാണിച്ച് രണ്ടാമത്തെ കുറഞ്ഞ നിരക്ക്(20800/) രേഖപ്പെടുത്തുകയും 5 വർഷത്തെ സർവ്വീസ് വാറന്റി വാഗ്ദാനം ചെയ്യുകയും ചെയ്ത ഉഷസ്സ് എനർജി സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു(13/2/2019-ലെ 2(2)നം. തീരുമാനം).

3) 40 സോളാർ സ്ട്രീറ്റ് ലൈറ്റുകളാണ് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ അനുമതിയോടെ സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നത്. സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ടെസ്റ്റ് റിപ്പോർട്ട് വാങ്ങിയിട്ടില്ല. ടാക്സ് ഇൻവോയ്സ് പ്രകാരം 5% ജി.എസ്.റ്റി. ഉൾപ്പടെ വിളക്ക് ഒന്നിന് 20000 രൂപ ക്രമത്തിൽ 800000 രൂപയാണ് ബിൽ തുക. 16000 രൂപ വീതം ഇൻകം ടാക്സ്, ജി.എസ്.റ്റി എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടുണ്ട്. 718000

രൂപയാണ് കരാറുകാരന് നൽകിയിരിക്കുന്നത്.

4)ഗ്രാമപഞ്ചായത്തിലെ 1, 2, 8, 9,11, 12, 13, 14 വാർഡുകളിലെ പട്ടികജാതി കോളനികളിലാണ് സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. മാർച്ച് 2019-ൽ സോളാർ വിളക്കുകൾ സ്ഥാപിച്ചുവെങ്കിലും 08/04/2019-ലെ ജനറൽ കമ്മിറ്റിയിൽ തന്നെ വിളക്കുകൾ പ്രവർത്തിക്കുന്നില്ലെന്ന് വാർഡ് മെമ്പർമാർ അറിയിച്ചിട്ടുണ്ട്. മെയിന്റനൻസ് നടത്തിയത് സംബന്ധിച്ച രേഖകളൊന്നും ഫയലിലില്ല. സോളാർ വിളക്കുകൾ നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടും നിലവിലെ സ്ഥിതി സംബന്ധിച്ച് വാർഡ് മെമ്പർമാരിൽ നിന്നുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12) ഭരണ സമിതി നിർദ്ദേശ പ്രകാരം ഇ-ടെണ്ടർ മുഖേനയാണ് പ്രോജക്ട് നടപ്പിലാക്കിയത് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് മൂന്ന തവണ വാർഡുകളിൽ മെയിന്റനൻസ് നടത്തിയിരുന്നുവെന്നും പിന്നീട് മെയിന്റനൻസ് സമയബന്ധിതമായി നടത്തുവാൻ കരാറുകാരൻ വീഴ്ച വരുത്തിയതിനാൽ ബിൽ തുക പൂർണ്ണമായും നൽകിയിട്ടില്ല എന്നും സെക്രട്ടറി അറിയിച്ചു. വാറന്റി കാലയളവ് നിലനിൽക്കുന്നതിനാൽ പ്രവർത്തനക്ഷമമല്ലാത്ത സോളാർ വിളക്കുകൾ പ്രവർത്തന സജ്ജമാക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മെയിന്റനൻസ് നടത്തിയിതിനുശേഷം വാർഡ് മെമ്പർമാരിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സമർപ്പിക്കാമെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

അഞ്ചു വാർഷത്തെ വാറന്റി കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരൻ പരിഹരിക്കുന്നതാണെന്ന എഗ്രിമെന്റ് നിലവിലുണ്ടായിട്ടും സോളാർ വിളക്കുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നുള്ള 750000 രൂപയുടെ ചെലവ് ഫലത്തിൽ പാഴായി. പാർശ്വവത്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ ഉന്നമനത്തിനായി ലഭ്യമാക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സോളാർ വിളക്കുകളുടെ മെയിന്റനൻസ് അടിയന്തിരമായി പൂർത്തിയാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ -സംസ്ഥാന സർക്കാരിന് നഷ്ടമായത് ലക്ഷങ്ങൾ

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ, 2019-ൽ മസ്റ്ററിംഗ് നടത്തിയതിന് ശേഷം മരണപ്പെട്ടതും 31/12/2020 വരെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ എന്നിവ പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പെൻഷൻ തുക അവർ മരണപ്പെട്ടതിന് ശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തി. ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ അവകാശികൾക്കാണ് അനർഹമായി തുക ലഭിച്ചത്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാതിരുന്നത് മൂലമാണ് ഈ അപാകത സംഭവിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | വാസു വി.ആർ | 104100201568 | വാർദ്ധക്യകാല പെൻഷൻ | 12/06/2020 | 7/2020-9/2021 | 22300 |
| 2 | മറിയാമ്മ പാപ്പി | 104100600645 | വിധവ പെൻഷൻ | 26/05/2020 | 6/2020-9/2021 | 23600 |
| 3 | വാസുദേവൻ നായർ | 104100202053 | വാർദ്ധക്യകാല പെൻഷന് | 05/05/2020 | 6/2020-10/2021 | 25200 |
| 4 | കുഞ്ഞിക്കുട്ടി എം.എ. | 104100100561 | കർഷക തൊഴിലാളി പെൻഷൻ | 10/04/2020 | 5/2020-10/2010 | 26500 |
| 5 | മറിയാമ്മ മത്തായി | 104100500048 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 07/02/2020 | 3/2020-10/2021 | 29000 |
| 6 | മാധവൻ നായർ | 104100201421 | വാർദ്ധക്യകാല പെൻഷൻ | 28.01.2020 | 2/2020-10/2021 | 29500 |
| 7 | ഒ.വി.ജോർജ് | 104100201609 | വാർദ്ധക്യകാല പെൻഷന് | 15/07/2020 | 8/2020-10/2021 | 23200 |
| 8 | രാജമ്മ വിശ്വനാഥനാചാരി | 104100600131 | വിധവ പെൻഷൻ | 15.07.2020 | 8/2020-10/2021 | 22600 |

| | | | | | | |
|---|---|---|---|---|---|---|
| 9 | സി.ഡി.അന്നമ്മ | 104100201104 | വാർദ്ധക്യകാല പെൻഷൻ | 11.08.2020 | 9/2020-10/2021 | 21300 |
| 10 | തങ്കമ്മ | 104100100128 | കർഷക തൊഴിലാളി പെൻഷൻ | 04.08.2020 | 9/2020-10/2021 | 21300 |
| 11 | പി.ഗോപിനാഥൻ നായർ | 104100202177 | വാർദ്ധക്യകാല പെൻഷൻ | 13.09.2020 | 10/2020-10/2021 | 19900 |
| 12 | ശശിധരൻ റ്റി.വി. | 104100202055 | വാർദ്ധക്യകാല പെൻഷന് | 14.09.2020 | 10/2020-10/2021 | 19900 |
| 13 | അന്നമ്മ പത്രോസ് | 104100201404 | വാർദ്ധക്യകാല പെൻഷൻ | 03.10.2020 | 11/2020-10/2021 | 18700 |
| 14 | ദേവകിയമ്മ | 104100300004 | വാർദ്ധക്യകാല പെൻഷൻ | 21.09.2020 | 10/2020-10/2021 | 19900 |
| 15 | ജോർജ് ഗീവർഗ്ഗീസ് | 104100202266 | വാർദ്ധക്യകാല പെൻഷന് | 06/12/2020 | 1/2021-10/2021 | 15700 |
| | | | | | | 338600 |

2)പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ(എം.എസ്)97/2020/ധന തീ.23.09.2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

3) സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ 'ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പെൻഷൻ തുക കൈമാറിയിട്ടില്ല' എന്ന് ഡി.ബി.റ്റി.-യിൽ ബാങ്ക് അധികൃതർ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന് 28/09/2019-ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശം പാലിക്കാത്തതിനാൽ സർക്കാർ ഫണ്ട് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളിൽ കൂടുതൽ പേരും ഡയറക്ട് റ്റു ഹോം രീതിയിലാണ് പെൻഷൻ വാങ്ങുന്നത് എന്നതിനാൽ ലക്ഷക്കണക്കിന് രൂപയാണ് ഇത്തരത്തിൽ കൈമാറ്റപ്പെട്ടത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ആധാർ നമ്പർ | മരണപ്പെട്ട തീയതി | പെൻഷൻ സസ്പെൻഡ് ചെയ്ത തീയതി | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ബാങ്ക് പെൻഷൻ നൽകാതിരുന്ന കാലയളവ് | സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ദാവീദ് | 605721371101 | 17/12/2019 | 06/10/2021 | 8/2019-9/2021 | 39600 |
| സാമുവൽ വി.ഡി | 565928147620 | 29/12/2019 | 06/10/2021 | 8/2019-9/2021 | 39600 |
| കെ.എൻ. ഭാസ്കരക്കുറുപ്പ് | 712916941165 | 25.12.2019 | 06/10/2021 | 8/2019-9/2021 | 39600 |
| ഗോപി എം.കെ. | 200643732679 | 24.12.2019 | 06/10/2021 | 8/2019-9/2021 | 35800 |
| ലക്ഷ്മിക്കുട്ടി | 84520300646 | 16.12.2019 | 06/10/2021 | 8/2019-9/2021 | 39600 |

ഇങ്ങനെ സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക തിരികെ ഒടുക്കിയത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്ത് വാങ്ങി സൂക്ഷിച്ചിട്ടില്ല. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ ഉത്തരവ് പാലിക്കപ്പെട്ടില്ല എന്നത് മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും വ്യക്തമാണ്. ഇത്തരത്തിൽ സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)ബാങ്ക് മുഖേന പെൻഷൻ വാങ്ങി വന്ന ചില ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നത് മൂലം ഈ കാലയളവിൽ ബന്ധപ്പെട്ട ബാങ്കുകൾക്ക് പെൻഷൻ തുക കൈമാറിയിട്ടുണ്ട്. ഉദാ;

| പേര് | ആധാർ നം | മരണപ്പെട്ട തീയതി |
|---|---|---|
| രാഘവൻ നായർ | 459982618649 | 10/10/2020 |
| വിദ്യാധരൻ | 605162874612 | 24/08/2020 |
| കുഞ്ഞമ്മ തോമസ് | 869611577170 | 01/02/2020 |
| കെ.കെ.രാജമ്മ | 724513288032 | 09/02/2020 |

ഇത്തരത്തിൽ ബാങ്കുകളുടെ സസ്പെൻസ് അക്കൗണ്ടിൽ ശേഷിക്കുന്ന തുക തിരികെ വാങ്ങി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയതതും എന്നാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുമായ ഗുണഭോക്താക്കളുടെ വിശദാംശം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നടപടിക്രമം യഥാവിധി പാലിക്കുന്നില്ല. ഉദാ; താമരക്കുളം ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവായ ശ്രീ. കുട്ടപ്പൻ നായരുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തത് മൂലം പെൻഷൻ സ്റ്റാറ്റസ് ഇപ്പോഴും ആക്ടീവ് ആയി നിലനിൽക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആധാർ നം | മരണപ്പെട്ട തീയതി | ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ തുക |
|---|---|---|---|
| കുട്ടപ്പൻ നായർ | 851994629643 | 20.01.2020 | 2/20-10/21---32200/രൂപ |

6)ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും സാമൂഹ്യ സുരക്ഷ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും ഈ ഗുണഭോക്താക്കളുടെ കർഷക പെൻഷൻ അക്കൗണ്ട് ഇപ്പോഴും സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല. കൃഷിവകുപ്പിൽ നിന്നും ബാങ്ക് മുഖേനയാണ് കർഷക പെൻഷൻ നൽകി വരുന്നത്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിവരം യഥാസമയം കൃഷി ഓഫീസിനെ അറിയിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. ഉദാ:

| പേര് | ആധാർ നം | മരണപ്പെട്ട തീയതി | സാമൂഹ്യ സുരക്ഷാ പെൻഷൻ സസ്പെൻഡ് ചെയ്ത തീയതി |
|---|---|---|---|
| പി.എം.ഫിലിപ്പ് | 324380922948 | 13/05/2020 | 06/10/2021 |
| തങ്കപ്പൻ എം | 245046166485 | 24/06/2020 | 01/10/2021 |

ഈ രണ്ട് ഗുണഭോക്താക്കളുടേയും ബാങ്ക് അക്കൗണ്ടിലേയ്ക്ക് 10/2021 വരെയുള്ള കർഷക പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സമയബന്ധിമായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.14/27.11.2021) ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുകകൾ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 എ.ബി.സി. പ്രോഗ്രാം നടത്തിപ്പ് കാര്യക്ഷമമല്ല-നഷ്ടപരിഹാരമായി നൽകേണ്ടി വന്നത് 1.11 ലക്ഷം രൂപ

ബഹു.സുപ്രീം കോടതി ഉത്തരവ് അനുസരിച്ച് തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ട പരിഹാരം അനുവദിച്ചുകൊണ്ടുള്ള 24/07/2019-ലെ ജി.ഒ(ആർ.റ്റി.)നം.1621/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം രണ്ട് ആളുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 2019-20 വർഷം തനത് ഫണ്ടിൽ നിന്നും 110797 രൂപ ചെലവഴിച്ചിട്ടുണ്ട്(വൗച്ചർ നം-21900426/22.08.19-54692, 21900427/22.08.2019-56105). തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായുള്ള എ.ബിസി പ്രോഗ്രാം നടത്തിപ്പ് കാര്യക്ഷമല്ല എന്ന് ഇത് വ്യക്തമാക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആനിമൽ ബെർത്ത് കൺട്രോൾ(എ.ബി.സി) പ്രോഗ്രാമിന് വിഹിതം നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കുകയും (നം.19/2020) വികസന ഫണ്ടിൽ നിന്നും 50000രൂപ (ബിൽ നം.16/07.09.19) നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ജില്ലാമിഷന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫണ്ട് കൈമാറിയതല്ലാതെ മറ്റു തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. 5/5/2017-ലെ സ.ഉ(സാധാ.)1450/17/ത.സ്വ.ഭ.വ ഉത്തരവ് അനുസരിച്ചാണ് ഇപ്രകാരം ജില്ലാ കുടുംബശ്രീ മിഷന് തുക കൈമാറിയിട്ടുള്ളത്. തെരുവ് നായകളുടെ പ്രജനന നിയന്ത്രണത്തിനായുള്ള ടി പ്രോഗ്രാമിനായി 2016-17, 2017-18 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നൽകിയ 196000 രൂപ പൂർണ്ണമായും വിനിയോഗിച്ചതായി ജില്ലാ കുടുംബശ്രീ മിഷൻ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. എന്നാൽ 2019-20 ൽ നൽകിയ തുകയുടെ വിനിയോഗ രേഖകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

തെരുവ്നായ്ക്കളുടെ ആക്രമണത്തിനിരയായ കൂടുതൽ ആളുകൾക്ക് നഷ്ടപരിഹാരം നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കും എന്നതിനാൽ എ.ബി.സി. പ്രോഗ്രാം നടത്തിപ്പ് കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്. ജില്ലയിൽ എ.ബി.സി. പദ്ധതി നിർവ്വഹണം കുടുംബശ്രീ മുഖേനയാണ് നടന്നിരുന്നത്. എന്നാൽ തങ്ങളുടെ അനുമതിയില്ലാതെ കുടുംബശ്രീ പോലുള്ള ഏജൻസികളെ എ.ബി.സി. പദ്ധതി നടത്തിപ്പ് ഏൽപ്പിക്കരുതെന്ന് കാണിച്ച് കേന്ദ്ര മൃഗക്ഷേമബോർഡ് ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് നേടുകയും ചെയ്തിട്ടുണ്ട്. ഇതോടെ എ.ബി.സി. പദ്ധതി മുടങ്ങിയ നിലയിലാണ്. പദ്ധതി മുടങ്ങിയതോടെ ഗ്രാമപഞ്ചായത്തിൽ തെരുവ് നായ ശല്യം രൂക്ഷമാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി ഒടുക്കിയതിൽ ഇരട്ടിപ്പ്

സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത ഇൻകം ടാക്സ് തുക ഒടുക്കുന്നതിനായി 3.12.2019ലെ 21900756 നമ്പർ വൗച്ചർ പ്രകാരം 22952 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിരുന്നു. ഇത് കൂടാതെ 20/12/2019-ലെ 21900817, 21900818, 21900819 നമ്പർ വൗച്ചറുകൾ പ്രകാരം 22952 രൂപ (16000+6088+864) വീണ്ടും പിൻവലിച്ചിട്ടുണ്ട്. റ്റി.ഡി.എസ്. തുകയുടെ വിശദാംശം കാണിക്കുന്ന പത്രിക വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/25.11.2021) മറുപടിയായി 20/12/2019-ൽ ഒടുക്കിയത് ആവർത്തനമാണെന്നും തുക തിരികെ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച 22952 രൂപ തനത് ഫണ്ടിൽ തിരികെ ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 സാമൂഹ്യ നീതി വകുപ്പിന് 12.26 ലക്ഷം രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയില്ല

ജി.ഒ(ആർ.ടി)2772/2019/ഫിൻ തീയതി 03/04/2019, ജി.ഒ(ആർ.ടി)6105/2019/ഫിൻ തീയതി 01.08.2019, ജി.ഒ(ആർ.ടി)10050/2019/ഫിൻ തീയതി 21/12/2019 എന്നീ ഉത്തരവുകൾ പ്രകാരം അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും 4മാസത്തെ പ്രതിഫല തുകയായ 408800 രൂപ വീതം 2019-20 വർഷത്തെ വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും സാമൂഹ്യ നീതി വകുപ്പിന്റെ Deduct Head-ലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം 2019-20 വർഷത്തെ അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫല ഇനത്തിൽ സാമൂഹ്യ നീതി വകുപ്പിന് നൽകേണ്ട 1226400 രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല.

2018-19 വർഷത്തെ അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫല തുകയായി 1226400 രൂപ ഗ്രാമപഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകാതിരുന്നത് അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 2019-20 വർഷത്തെ ഗ്രാമപഞ്ചായത്തിനുള്ള മൂന്നാംഗഡു അലോട്ട്മെന്റിൽ നിന്നും ഈ തുക കുറവ് ചെയ്തു. ഈ ചെലവ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ജി.ഒ പ്രോജക്ട് ആയി (302/2020) സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫല തുക നൽകുന്നതിനായി ജി.ഒ പ്രോജക്ട് ആവിഷ്കരിക്കുകയോ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരം സാമൂഹ്യ നീതി വകുപ്പിന് തുക കൈമാറാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/22.11.2021) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വികസന ഫണ്ട് കണ്ടെത്തുവാൻ കഴിയാതിരുന്നതിനാലാണ് സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുക ഒടുക്കുവാൻ കഴിയാതിരുന്നത് എന്നറിയിച്ചു.

2018-19 വർഷം അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫല തുക നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 12.26ലക്ഷം രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകുന്നതിനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് ആവിഷ്കരിച്ച് 598186 രൂപ നേരിട്ട് ചെലവഴിക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തത്. വികസന ഫണ്ട് ചെലവഴിച്ചത് ധനകാര്യ വകുപ്പിനെ ഉചിത മാർഗ്ഗേന അറിയിക്കാത്തത് മൂലം 12.26 ലക്ഷം രൂപ 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്നു കുറവ് ചെയ്യുകയും ചെയ്തു. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 നെല്ലുത്പാദക ബോണസ്- 1.74 ലക്ഷം രൂപ നഷ്ടപ്പെട്ടു

2017-18, 2018-19 വർഷങ്ങളിലെ നെല്ലുത്പാദക ബോണസ് ഇനത്തിൽ കർഷകർക്ക് നൽകേണ്ട 174500 രൂപയുടെ അലോട്ട്മെന്റ് 26/02/2020-ന് ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. അലോക്കേഷൻ റിപ്പോർട്ടും ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ ഉൾപ്പടെയുള്ള ക്ലെയിം സ്റ്റേറ്റ്മെന്റും സഹിതം 09/03/2020-ന് ഗ്രാമപഞ്ചായത്തിന് കത്ത് നൽകി എന്നാണ് കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ അലോട്ട്മെന്റ് 30/03/2020-ന് മാത്രമാണ് ട്രഷറിയിൽ സമർപ്പിക്കുന്നതിനായി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. യഥാസമയം അലോട്ട്മെന്റ് ട്രഷറിയിൽ സമർപ്പിക്കാത്തതിനാൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറാൻ കഴിയാതെ ഫണ്ട് ലാപ്സായി. ഉത്പാദക ബോണസ് തുക കർഷകർക്ക് ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല. വിവിധ പാടശേഖര സമിതിയിലെ കർഷകർക്ക് നൽകേണ്ടിയിരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ | നൽകേണ്ടിയിരുന്ന | ആകെ |
|---|---|---|

| പേരും മേൽവിലാസവും | തുക | | തുക |
|---|---|---|---|
| | 2017-18 | 2018-19 | |
| പാടശേഖര സമിതി, തലചേമ്പ് | 19200 | 24420 | 43620 |
| വേട്ടകളം പാടശേഖരം | 33800 | 30000 | 63800 |
| നരിക്കുഴി ചെമ്പക നെല്ലുത്പാദക സമിതി | 19700 | 19580 | 39280 |
| പുന്നയ്ക്കൽ കാരുവേലിൽ പാടശഖര നെല്ലുത്പാദക സമിതി | 4800 | | 4800 |
| നടുവത്തോടി പാടശേഖരം | 23000 | | 23000 |
| ആകെ | | | 174500 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിലുണ്ടായ താമസം മൂലമാണ് അലോട്ട്മെന്റ് ട്രഷറിയിൽ സമർപ്പിക്കുന്നതിന് താമസമുണ്ടായത് എന്നാണ് അറിയിച്ചിരിക്കുന്നത്. നെൽക്കർഷകർക്ക് നൽകേണ്ട തുക യഥാസമയം ട്രഷറിയിൽ നിന്നും മാറി നൽകുവാൻ കഴിയാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 പ്രളയബാധിതർക്ക് ജീവനോപാധിയ്ക്കായി ലഭിച്ച 43 ലക്ഷം രൂപ വകമാറ്റി

2018-ലെ മഹാപ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ 12/12/2019-ലെ സ.ഉ(സാധാ.)9823/2019/ധന ഉത്തരവ് അനുസരിച്ച് പൊതുവിഭാഗം വിഹിതമായി 2718000 രൂപയും പട്ടികജാതി ഉപപദ്ധതി വിഹിതമായി 1588000 രൂപയും അനുവദിച്ചിരുന്നു. പ്രകൃതി ദുരന്തത്താൽ ജീവനോപാധി നഷ്ടമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഈ തുക അനുവദിച്ചത് എന്ന് 23.12.2019-ലെ സ.ഉ(സാധാ.)170/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി, മൃഗസംരക്ഷണം എന്നിവ മുഖ്യതൊഴിലായിട്ടുള്ള നിരവധി ആളുകളുണ്ടായിരുന്നുവെങ്കിലും ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിന് പ്രോജക്ടുകൾ ഒന്നും തന്നെ ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ചില്ല. രണ്ട് അങ്കണവാടികൾക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 40000രൂപ വകയിരുത്തിയതൊഴിച്ച് പൊതു വിഭാഗത്തിൽ അനുവദിച്ച ബാക്കി 2678000 രൂപയും പശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗ്/റീടാറിംഗ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് വകയിരുത്തിയത്. എസ്.സി.പി വിഹിതം ഉപയോഗിച്ച് ദുരിതാശ്വാസകേന്ദ്രം നിർമ്മിക്കുന്നതിനായി 1263000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അനുമതി നിഷേധിച്ചു. 2019-20 വർഷം ആകെ 4306000 രൂപ അനുവദിച്ചതിൽ 39750 രൂപ മാത്രമേ ചെലവഴിക്കാനായുള്ളൂ. ബാക്കി തുക 2020-21 വർഷം വീണ്ടും അനുവദിച്ചുവെങ്കിലും പ്രത്യേക വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ചതുക | | ആകെ ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| | | 2019-20 | 2020-21 | | |
| പൊതു വിഭാഗം | 2718000 | 39750 | 1173899 | 1213649 | 1504351 |
| എസ്.സി.പി. വിഹിതം | 1588000 | 0 | 290881 | 290881 | 1297110 |
| ആകെ | 4306000 | 39750 | 1464780 | 1504530 | 2801461 |

പ്രകൃതി ദുരന്തത്തിൽ ജീവനോപാധി നഷ്ടമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ആവശ്യമായ ജീവനോപാധി പരിപാടികൾ നടപ്പിലാക്കാൻ അനുവദിച്ച തുക മരാമത്ത് പ്രവൃത്തികൾക്കായി വകമാറ്റുകയും ഫണ്ട് നഷ്ടപ്പെടുത്തുകയും ചെയ്തത് ഭരണ തലത്തിൽ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തിയിന്മേൽ തുടർ നടപടിയില്ല

ഓഡിറ്റ് കാലയളവിൽ പാർട്ട് ബിൽ പ്രകാരം തുക കൈപ്പറ്റിയ കരാറുകാരൻ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം,. | പ്രോജക്ട് നം. പ്രവൃത്തിയുടെ പേര്, | അടങ്കൽ | കരാർ നം., തീയതി കരാറുകരന്റെ പേര്, എം | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പാർട്ട് ബിൽ നം/ തീയതി | പാർട്ട് ബിൽ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ബുക്ക് നം | | | |
| 1 | 189/19-20 വെറ്ററിനറി ഹോസ്പിറ്റൽ പെയിന്റിംഗ് | 200000 | ശ്രീ സലീം പേരാട്ട് വീട്. തേവലക്കര 107/AE /LSGD/VLKD /18-19 Dtd. 08.02.2019 35/18-19 | 20.03.2019 | 18050252017001531623/ 27.03.2019 | 45143 |

മേൽ പ്രവൃത്തികളുടെ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല. കേരള പൊതുമരാമത്ത് മാനവൽ 2116.1 പ്രകാരം കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിരമായി വിശദീകരണം ലഭ്യമാക്കുവാൻ അവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(21/01.12.2021) മറുപടി ലഭ്യമാക്കി. പെയിന്റിംഗിനോടൊപ്പം മേൽക്കൂര മെയിന്റനൻസ്. ഇന്റർലോക്ക് പാകൽ എന്നിവ പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പെയിന്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതിനാൽ 2019-20ൽ പാർട്ട് ബില്ലായി തുക നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്ക് താമസമുണ്ടായതിനാൽ കരാറുകാരന് നോട്ടീസ് അയക്കുകയും തുടർന്ന് റൂഫിംഗ്, ഇന്റർ ലോക്കിംഗ് എന്നിവ ആരംഭിച്ചുവെങ്കിലും ഇന്റർലോക്കിംഗ് നിലവിലുള്ള ഡി.ആർ സംരക്ഷണമതിലിന് ദോഷകരമാകുമെന്നതിനാൽ ഭരണസമിതിയുടെ അറിവോട് കൂടി പ്രോജക്ടിലെ തുടർഘട്ടങ്ങൾ ഒഴിവാക്കുകയാണുണ്ടായതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരന് നൽകിയ നോട്ടീസിന്റെ പകർപ്പോ പ്രോജക്ട് ഒഴിവാക്കുവാൻ ഭരണസമിതി എടുത്ത തീരുമാനമോ ഫയലിൽ സൂക്ഷിക്കുകയോ മറുപടിയോടൊപ്പം ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയത് ഹാജരാക്കുകയോ അല്ലാത്ത പക്ഷം ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്തിയില്ല

| | |
|---|---|
| പ്രോജക്ട് നം | 241/20 |
| പ്രോജക്ടിന്റെ പേര് | 89-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം |
| അടങ്കൽ | 1020000 |
| ചെലവ് തുക | 845912 |
| ബിൽ നം/തീയതി, തുക | 19.12.2019 9265 |
| | 19.12.2019 499000 |
| | 20.04.2019 147678 |
| | 2367544/22.10.2021 189969 |
| എഗ്രിമെന്റ് നം /തീയതി | 84/AE/LSGD/VLKD/18-19 തീയതി 10.01.2019 |
| കരാറുകാരന്റെ പേര് | ഹരികൃഷ്ണൻ പി.വി |

ടി.പ്രവൃത്തി 2018-19ൽ ആരംഭിച്ചിട്ടുള്ളതും 8.09.2020ൽ പൂർത്തിയാക്കിയിട്ടുമുള്ളതാണ്. 2021-22ൽ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. നിലവിലും അങ്കണവാടി പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതി മാർഗ്ഗ രേഖ 6.6-4 പ്രകാരം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടിയിരുന്നെങ്കിലും പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ എസ്റ്റിമേററ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നവയ്ക്കായി അടിയന്തിരമായി പ്രോജക്ട് ആവിഷ്ക്കരിച്ച് കെട്ടിടം ഉപയോഗക്ഷമം ആക്കേണ്ടതാണ്.

## 1-24 സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ GST രജിസ്ട്രേഷൻ എടുത്ത് ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണെന്ന് സ.ഉ(അച്ചടി)നം: 87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. കരാറുകാർക്ക് GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് അവരുടെ GST നമ്പർ, മേൽവിലാസം എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ, നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃക ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.ഓഡിറ്റ് വർഷം പഞ്ചായത്തിൽനിന്നും ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ മേൽ പറഞ്ഞ പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/01.12.2021) കരാറുകാർ ആരും

തന്നെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫോം വാങ്ങിയതിന് ശേഷം മാത്രം GST കോമ്പൻസേഷൻ നൽകാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകയ്ക്ക് എടുത്തു

രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ശാക്തീകരണം(നം-65/20) പ്രോജക്ട് പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 35000രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. 26.04.2019 മുതൽ 20.03.2020 വരെയുള്ള കാലയളവിൽ കുടമുക്ക്, 83-ാം നമ്പർ അങ്കണവാടി, കൊച്ചാലുംമൂട് അങ്കണവാടി, വാഴമുട്ടം ഫാമിലി വെൽഫെയർ സെന്റർ എന്നിവിടങ്ങളിൽ വിവിധ തീയതികളിൽ നടത്തിയ രോഗ പ്രതിരോധ കുത്തിവയ്പുകൾക്കായും 21.01.20ൽ ദേശീയ പോളിയോ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പൾസ് പോളിയോ ബൂത്തുകളുടെ പ്രവർത്തനങ്ങൾക്കുമായാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്.എന്നാൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 26.11.2021 ൽ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിശ്ചിത ദിവസമോ സമയമോ മുൻകൂട്ടി നിശ്ചയിക്കാൻ കഴിയാത്തതിനാലാണ് വാഹനം ക്വട്ടേഷൻ പ്രകാരം എടുക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി താത്ക്കാലികമായി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അങ്കണവാടികളുടെ ഫുഡ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

ബ്ലോക്ക് തലത്തിൽ ഐ.സി.ഡി.എസ് പദ്ധതിക്ക് നേതൃത്വം കൊടുക്കുന്നത് സി.ഡി.പി. ഒ യും ജില്ലാതലത്തിൽ, ജില്ലാ പ്രോഗ്രാമിംഗ് ഓഫീസറുമാണ്. ഐ.സി.ഡിഎസ്സിന്റെ സേവനം ലഭ്യമാകുന്നത് അങ്കണവാടികളിലൂടെയാണ്. അങ്കണവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ രേഖകളിൽ അങ്കണവാടി ഫുഡ് സ്റ്റോക്ക് രജിസ്റ്ററും ഉൾപ്പെടുന്നുണ്ട്. അതാത് നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ് ഉദ്യേഗസ്ഥർ ടി. രജിസ്റ്റർ പരിശോധിച്ച് കൃത്യത സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന ഫുഡ് സ്റ്റോക്ക് രജിസ്റ്റർ കാലികമാണെങ്കിലും അങ്കണവാടികളിൽ നിന്നും വിതരണത്തിനായി സൂക്ഷിക്കുന്ന സബ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 2020 മാർച്ച് വരെയുള്ള ഫുഡ് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല.
- ടി. രജിസ്റ്ററിൽ മുന്നിരിപ്പും നീക്കിയിരിപ്പും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
- ചില ഇനങ്ങളുടെ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
- 13-12-2018 വരെ മാത്രമേ നിർവ്വഹണോദ്യോഗസ്ഥ അങ്കണ വാടികളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ ഭക്ഷ്യ സാധനങ്ങളുടെ വിതരണം സംബന്ധിച്ച് കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയത് മൂലം ഗുണഭോക്താവിന് ഭക്ഷ്യസാധനങ്ങൾ കൃത്യമായി ലഭ്യമാകുന്നുണ്ടോ എന്നും ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

അങ്കണവാടികളിലെ ഫുഡ് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിശോധിച്ച് സ്റ്റോക്ക് വേരിഫിക്കേഷൻ ചെയ്യേണ്ടത് അനിവാര്യമാണ്. വരും വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥ ആയതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും ആയത് തുടർ ഓഡിറ്റിൽ നിരീക്ഷിക്കുന്നതുമാണ്.

## 1-27 ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ) - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് മിഷൻ ഭവന പദ്ധതി -ജനറൽ(34/20) പ്രകാരം ആകെയുള്ള 40 ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിലവിലും പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ബിൽ നം/തീയതി, തുക |
|---|---|---|
| 1 | വിജയമ്മ, പ്രഭാ നിലയം, വള്ളിക്കോട്, വാർഡ്-5 | 05/18-19/10.07.18 40000 |
| | | 27/19-20/13.11.19 160000 |
| | | 29/20-21/11.11.20 160000 |
| 2 | ലീലാമ്മ, കാക്രമുറിയിൽ, കൈപ്പട്ടൂർ, വാർഡ്-3 | 05/18-19/10.07.18 40000 |
| | | 40/18-19/12.02.19 140000 |
| | | V02/19-20 /01.08.19 160000 |

ടി.ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. പണി പൂർത്തീകരിച്ച് അവസാന

ഗഡു വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-28 ദുരന്തനിവാരണ പ്രവർത്തനങ്ങൾ

ദുരന്തത്തെ നേരിടാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക, ദുരന്തത്തിനു ശേഷമുള്ള രക്ഷാപ്രവർത്തനം നടത്തുക എന്നിവ, ദുരന്ത നിവാരണത്തിന്റെ അനിവാര്യ ഘടകങ്ങളാണ്. 2018ലെ പ്രകൃതി ദുരന്തത്തിൽ പഞ്ചായത്തിന്റെ ആസ്തിയായ അങ്കണ വാടിക്ക്(നം.85) രണ്ടു ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പൂർണമായി നശിച്ച വീടുകളില്ല. എന്നാൽ 126 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം ഉണ്ടായിട്ടുണ്ട്. 710 കുടുംബങ്ങൾക്ക് 10,000 രൂപവീതം നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. 11 ദുരിതാശ്വാസ ക്യാമ്പുകളിലായി ഏകദേശം 1900 പേർ അംഗങ്ങളായിട്ടുണ്ട്.

2018 ലെ പ്രകൃതി ദുരന്തത്തിനുശേഷം 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി "കമ്മ്യൂണിറ്റി റസ്ക്യൂ വോളന്റിയർ സർവ്വീസ് "എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ആവശ്യഘട്ടങ്ങളിൽ ദുരന്ത നിവാരണ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കുന്നതിനും ആയതിലേക്ക് ഫണ്ട് കണ്ടെത്തുന്നതിനും വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

### 1-29 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 28 അങ്കണവാടികളുണ്ട്. അതിൽ 10 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 10 അങ്കണവാടികൾക്ക് ചുറ്റുമതിലില്ല. 28 അങ്കണവാടികളിലും വൈദ്യുതി, ഗ്യാസ് കണക്ഷൻ, ആവശ്യമായ ഫർണിച്ചറുകൾ, പാത്രങ്ങൾ, ഫാൻ, കുടിവെള്ള ലഭ്യത എന്നിവയുണ്ട്. 80-ാം നമ്പർ അങ്കണവാടിയ്ക്ക് 2019-20വർഷം സ്ഥലം വാങ്ങിയെങ്കിലും കെട്ടിടനിർമ്മാണത്തിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ചുറ്റുമതിലില്ലാത്ത കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഫണ്ട് കണ്ടെത്തി പ്രോജക്ട് നടപ്പിലാക്കുന്നതിനും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേകം ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-30 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പ് വരുത്തുന്നില്ല.

നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ സംബന്ധിച്ച രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി. എന്നീ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കാതെ ശേഷിക്കുന്നു. ടി പ്രവൃത്തികളുടെ പൂർത്തീകണം ഉറപ്പുവരുത്തുകയോ ചെലവഴിക്കാതെ ഏജൻസികളിൽ ശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് തുക | പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചു/ഇല്ല | ചെലവഴിച്ച തുക | ഏജൻസിയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 2014-15 | 115/15 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 854000 | ലഭിച്ചു | 709199 | 144801 |
| 2016-17 | | മരങ്ങാട്ട് കോളനിയിലേയക്ക് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 92000 | ഇല്ല | | |
| 2017-18 | 118/18 | വളവിൽ കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 313000 | ഇല്ല | | |
| 2019-20 | 69/20 | അങ്കണവാടികൾക്ക് പൈപ്പ് കണക്ഷൻ | വാട്ടർ അതോറിറ്റി | 230000 | ലഭിച്ചു | 136578 | 93422 |
| 2014-15 | 146/15 | അങ്കണവാടികൾക്ക് മീറ്റർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 63270 | ഇല്ല | | |
| 2014-15 | 183/15 | എസ്.സി.കോളനികൾക്ക് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി. | 203895 | ഇല്ല | | |
| 2015-16 | 181/16 | എസ്.സി. കോളനികളിലെ പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 39559 | ഇല്ല | | |
| 2018-19 | 245/2019 | സ്ട്രീറ്റ്മെയിൻ | കെ.എസ്.ഇ.ബി | 505786 | ഇല്ല | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ദീർഘിപ്പിക്കൽ | | | | | |
| 2018-19 | 200/19 | സ്ലീറ്റ്മെയിൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 99710 | ഇല്ല | | |
| 2019-20 | 269/20 | പതിമൂന്നാം വാർഡിലെ വിവിധ പ്രദേശങ്ങളിലെ സ്ലീറ്റ്മെയിൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 50504 | ഇല്ല | | |
| 2019-20 | 272/20 | വിവിധ പ്രദേശങ്ങളിലെ സ്ലീറ്റ്മെയിൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 38940 | ഇല്ല | | |
| 2017-18 | | യു.പി.എസ്.ഇൻസ്റ്റലേഷൻ | പി.ഡബ്ല്യു.ഡി. | 95000 | ഇല്ല | | |

തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പൂർത്തിയാക്കി 159000(ചെക്ക് നം.548555/25.02.2016) രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചുവെങ്കിലും ആയത് വാർഷിക കണക്കിൽ ക്രമീകരിക്കുകയോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (7/25.11.2021)ലഭ്യമാക്കിയ മറുപടി പ്രകാരം 238223 രൂപ വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്നുണ്ട്. ഈ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലാവധി കഴിഞ്ഞ മറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ വാങ്ങി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-31 അഗതി രഹിത കേരളം

ഓഡിറ്റ് വർഷം വി.ഇ.ഒ ആശ്രയ പദ്ധതി (ജനറൽ) ക്കായി വികസനഫണ്ടിൽ നിന്നും 135000 രൂപയുംബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 100000 രൂപയും ചേർത്ത് ആകെ 435000 രൂപ സിഡിഎസ്സിന് കൈമാറിയിട്ടുണ്ട്. എസ്.സി.പി പ്രോജക്ടിന് എസ്.സി.പി ഫണ്ടിനത്തിൽ നിന്നും 140000രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 500000 രൂപയും സി.ഡി.എസ്സിന് നൽകിയിട്ടുണ്ട്.

ഭക്ഷണത്തിനായി 573983 രൂപയും വീട് മെയിന്റനൻസിന് 475000 രൂപയും ചെലവഴിച്ചിട്ടുണ്ട്. അഗതികൾക്ക് ആരോഗ്യം,വിദ്യാഭ്യാസം, ഭൂമി, വീട്, തൊഴിൽ എന്നിവയ്ക്കൊന്നും തുക ചെലവഴിച്ചിട്ടില്ല, 31.03.2020ൽ 3049613 രൂപ നീക്കിയിരിപ്പുണ്ട്. ലഭ്യമായ ഫണ്ട് യഥാസമയം ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും വികസന ആവശ്യങ്ങൾക്കും വിനിയോഗിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ടി വിഷയം നിർവ്വഹണോദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 850000 | നെൽകൃഷി വികസന പദ്ധതി | 0 | 850000 |
| | 1000000 | വന്യമൃഗങ്ങളുടെ അക്രമണത്തിൽ നിന്നും കൃഷി | 0 | 1000000 |

| | | | | |
|---|---|---|---|---|
| | | വിളകൾക്കുള്ള സംരക്ഷണം | | |
| | 1000000 | ലൈഫ് മിഷൻ ഭവന പദ്ധതി | 0 | 1000000 |
| | 200000 | ആശ്രയ പദ്ധതി | 200000 | 0 |
| | 2500000 | ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ) | 667330 | 1832670 |
| | 640675 | ലൈഫ് മിഷൻ ഭവന പദ്ധതി(എസ്സ്.സി.പി) | 0 | 640675 |
| | 200000 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി | 175000 | 25000 |
| | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | 300000 | പാലളവിന് സബ്സിഡി | 300000 | 0 |
| | 1800000 | കിണർ റീചാർജ്ജിംഗ്-എം.ജി.എൻ.ആർ.ഇ.ജി.എസ്സ് | 17284 | 1782716 |
| | 194214 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 0 | 194214 |
| | 800000 | വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 38940 | 761060 |
| ജില്ലാ പഞ്ചായത്ത് | 500000 | നെൽകൃഷി വികസന പദ്ധതി | 30651 | 469349 |
| | 700000 | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷി വിളകൾക്കുള്ള സംരക്ഷണം | 0 | 700000 |
| | 1000000 | കിഴങ്ങ് വർഗ്ഗ കൃഷി വികസനം | 0 | 1000000 |
| | 500000 | കിഴങ്ങ് വർഗ്ഗ കൃഷി വികസനം(എസ്സ്.സി.പി) | 0 | 500000 |
| | 300000 | പാലിയേറ്റീവ് കെയർ | 216460 | 83540 |
| | 500000 | ആശ്രയപദ്ധതി(എസ്സ്.സി.പി) | 500000 | 0 |
| | 100000 | ലൈഫ് ഭവന പദ്ധതി | 100000 | 0 |
| | 100000 | ആശ്രയപദ്ധതി | 100000 | 0 |
| | 1844000 | ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ | 0 | 1844000 |
| | 291200 | ലൈഫ് മിഷൻ ഭവന പദ്ധതി എസ്സ്.സി.പി | 0 | 291200 |
| | 100000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 97817 | 2183 |
| | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 199900 | 100 |
| | 200000 | പാലളവിന് സബ്സിഡി | 0 | 200000 |
| | 1000000 | 89-ാംനമ്പർ അങ്കണ വാടി കെട്ടിട നിർമ്മാണം | 508265 | 491735 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം.- | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | തീയതി | തുക | | തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പതിമൂന്നാം വാർഡിലെ വിവിധ പ്രദേശങ്ങളിലെ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 212/03.12.2019 | 50504 | - | 50504 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ പ്രദേശങ്ങളിലെ സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ | 14.02.2020 | 38940 | - | 38940 |
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് പൈപ്പ് കണക്ഷൻ | 211/03.12.2019<br>812829/11.03.2020 | 200000<br>30000 | 136578 | 93422 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം 4160000 രൂപ വായ്പയിനത്തിൽ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തേ ഉൾപ്പടെ തിരിച്ചടയ്ക്കവാനുണ്ടായിരുന്ന ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)100/2018 /LSGD/30.07.2018 | 1552670 | 5712670 | 529412 | 0 | 5183258 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | 2 (അനുബന്ധം4) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | 2 (അനുബന്ധം5) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 80081749 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54120739 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22952 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-18 | 22952 | ശ്രീ.പി. നന്ദകുമാർ, സെക്രട്ടറി |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| ശ്രീ പി. നന്ദകുമാർ | സെക്രട്ടറി | പീക്കോടിക്കൽ ഹൗസ്, ചെന്നീർക്കര, പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി2/ 643/01 തീയതി 09-01-12 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി2/ 17/02 തീയതി 30-03-12 | 1 |
| 1997-98<br>1997-98 | എൽ.എഫ്.പി.റ്റി.എ.പി2/323/99 തീയതി 07-05-12<br>എൽ.എഫ്.പി.റ്റി.എ.പി2/315/99 | 34 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2/733/2000 തീയതി 26.04.01 | 1 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/103/01 തീയതി 17-11-01 | 3 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി, 2/501/03 തീയതി 16.04.03 | 5 |

| | | |
|---|---|---|
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ.പി2/226/04 തീയതി 16-03-04 | 1 |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/821/04 തീയതി 11-07-2005 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2/263/05 തീയതി 02-09-2005 | 4 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി9/1132/07 തീയതി 16-12-2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി9/210/09 തീയതി 16-10-2009 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി9/211/09 തീയതി 28-04-09 | 4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി9/62/10 തീയതി 07-04-2011 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി4/728/10 തീയതി 01-03-2011 | 5 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി10/102/11 തീയതി 14-12-2013 | 9 |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി10/394/11 തീയതി 13.07.12 | 11 |
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ.പി9/1064/13 തീയതി 19.03.14 | 2 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9/1073/14 തീയതി 24.02.14 | 8 |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി9/457/15 തീയതി 28-07-15 | 8 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി9/895/16 തീയതി 06-08-2016 | 9 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/84/16 തീയതി 06-02-2017 | 11 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/822/17 തീയതി 18.07.17 | 4 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/180/19 തീയതി 03/04/2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി9/98/20 തീയതി 05/03/2020 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്